# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 628 24.01.2018-ൽ മറുപടിക്ക്**

## വിനിയോഗിക്കുവാൻ കഴിയാത്ത ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പുതിയ പദ്ധതി

| | ചോദ്യം<br>ശ്രീ. അനിൽ അക്കര: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡല ത്തിൽ 2016-2017 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തെരുവ് വിളക്കുകൾ എൽ ഇ ഡി ആക്കി മാറ്റാൻ ഭരണാനുമതി ലഭിച്ച 5 കോടി രൂപയുടെ പദ്ധതിയിൽ വിനിയോഗിക്കുവാൻ സാധിക്കാത്ത 3.5 കോടി രൂപക്ക് പുതിയ പദ്ധതി ശുപാർശ ചെയ്യുന്നതിന് നിലവിൽ തടസ്സമുണ്ടോ; | (എ) & (ബി) | വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ തെരുവ് വിളക്കുകൾ എൽ.ഇ.ഡി ആക്കുന്ന 5,67,75,000/- രൂപ എസ്റ്റിമേറ്റ് തുകയായി വരുന്ന പ്രവൃത്തി ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനായി 28.02.2017-ലെ G.O. (Rt) No. 35/2017/PD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരികയാണ്. പ്രസ്തുത പദ്ധതിയിൽ അടാട്ട്, കോലഴി, തെക്കുംകര, അവന്നൂർ, മുളംകുന്നത്തുകാവ്, കൈപ്പറമ്പ്, തോളൂർ എന്നീ 7 ഗ്രാമ പഞ്ചായത്തുകളും നഗരസഭയും മെഡിക്കൽ കോളേജുമാണ് ഉൾപ്പെട്ടിട്ടുള്ളത്. സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ബോർഡും ഇ. ഇ. എസ് എല്ലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് ത്രികക്ഷി ഉടമ്പടി വെയ്ക്കേണ്ടതാണ്. എന്നാൽ നാളിതു വരെയായി അടാട്ട്, കോലഴി എന്നീ ഗ്രാമ പഞ്ചായത്തുകളും തൃശ്ശൂർ മെഡിക്കൽ കോളേജും മാത്രമേ ഉടമ്പടിയിൽ ഒപ്പ് വെച്ചിട്ടുള്ളൂ. മറ്റ് പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഉടമ്പടിയിൽ കക്ഷി ചേരുന്നതിന് നോട്ടീസ് നൽകിയിരുന്നെങ്കിലും ത്രികക്ഷി ഉടമ്പടി വെയ്ക്കുന്നതിൽ ഇതുവരെ താൽപ്പര്യം പ്രകടിപ്പിച്ചിട്ടില്ല. ഉടമ്പടി വെച്ച പഞ്ചായത്തുകളും മെഡിക്കൽ കോളേജും ഉൾപ്പെട്ട സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ മാറ്റുന്നതിനായി ഏകദേശം 1.5 കോടി രൂപ ചെലവ് വരുന്നതാണ്. മറ്റ് പഞ്ചായത്തുകൾ ത്രികക്ഷി ഉടമ്പടി വെയ്ക്കാത്തതിനാൽ 3.5 കോടി രൂപ ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്.<br>പദ്ധതിയിൽ ചെലവഴിക്കപ്പെടാത്ത തുകയ്ക്ക് മറ്റു പദ്ധതികൾ നിർദ്ദേശിക്കാൻ നിയമാനുസൃതമായി കഴിയുമോ എന്നത് പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | തടസ്സമില്ലെങ്കിൽ ഇതിനായി സ്വീകരിക്കേണ്ട നടപടികൾ വിശദീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**